# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3883 21.06.2019- ൽ മറുപടിക്ക്**

## വയനാട് ഗാർമെന്റ്സിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) വയനാട് ഗാർമെന്റ്സിലെ ജീവനക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യൂ.പി.(സി)10961/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) ഹാന്റക്സിന് കീഴിൽ വയനാട് ഗാർമെന്റ്സ് യൂണിറ്റ് വൻ നഷ്ടത്തിലായതിനെ തുടർന്ന് അടച്ച് പൂട്ടിയ അവസരത്തിൽ ടി യൂണിറ്റിൽ പ്രവർത്തിച്ചിരുന്ന ടെയിലർ മാർ, ഹെൽപ്പർമാർ എന്നിവരെ തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നതിന് അവരുടെ അഭ്യർത്ഥന മാനിച്ച് കോഴിക്കോട് ജില്ലയിലെ വിവിധ ഹാന്റക്സ് വില്പന ശാലകളിൽ താല്കാലികമായി സഹായി കളായി നിയമിച്ചിരുന്നതാണ്. സർക്കാർ ഈ തസ്തികകളോ നിയമനങ്ങളോ അംഗീകരിച്ചിട്ടില്ല. മാത്രമല്ല, ഹാന്റക്സിലെ സെയിൽസ്മാൻമാരുടെ തസ്തികക്ക് നിശ്ചയിച്ച അടിസ്ഥാന യോഗ്യതയും ഇവരിൽ ഭൂരിഭാഗം പേർക്കും ഇല്ല. എന്നിരുന്നാലും കോടതിവിധി പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ഹാന്റക്സിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ